

ഡോ. സി. വി. ആനന്ദബോസ് ഐ.എ.എസ്

# ചാവറയച്ചനും അവസാനത്തെ ഇലയും

**ചാ**വറയച്ചനെ ഞാൻ കണ്ടിട്ടില്ല. ആ സാന്നിധ്യം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഷേക്സ്പിയർ പറഞ്ഞതുപോലെ, "thereby hangs a tale." ഒരു പുണ്യവാൻ നടന്ന മണ്ണിലൂടെ നടക്കാൻ കഴിയുക, ശ്വസിച്ച വായു ശ്വസിക്കാൻ കഴിയുക, ജീവിച്ച അന്തരീക്ഷത്തിൽ ജനിച്ചു വളരാൻ കഴിയുക - അപൂർവമായ ഒരനുഭൂതി തന്നെയാണിത്. എനിക്കു പങ്കുവയ്ക്കാനുള്ളതും അതുമാത്രമാണ്.

സെന്റ് പീറ്റേഴ്സ് ബസലിക്കയാണ് രംഗം. മാർപാപ്പയെ നേരിൽക്കാണാനുള്ള അദമ്യമായ ആഗ്രഹവുമായി ഞങ്ങൾ അവിടെയെത്തി. ഞാനും ഭാര്യ ലക്ഷ്മിയും. ഏതാനും ദിവസങ്ങളേ ഞങ്ങൾ റോമിൽ തങ്ങുന്നുള്ളു. യു.എന്നിന്റെ പാർപ്പിട ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇസ്താംബൂളിലേക്കു പോകുന്നവഴിയാണ്.

റോമിലെ താമസം കർമലീത്താ സഭയുടെ ഭവനത്തിൽ. മാന്നാനത്തെ അച്ചന്മാർ ഞങ്ങൾ വരുന്ന വിവരം റോമിലെ സുപ്പീരിയറായ ലൂക്കാച്ചനെ അറിയിച്ചിരുന്നു. വിമാനത്താവളത്തിൽ ഇറങ്ങിയതുമുതൽ ലൂക്കാച്ചൻ ഞങ്ങളുടെ ലോക്കൽ ഗാർഡിയനായി. മാർപാപ്പയെ കാണണം. റോം വിടുന്നതിനു മുമ്പ് കാണുകയും വേണം. ബുദ്ധിമുട്ടുള്ള കാര്യമാണ്. എങ്കിലും ഈശ്വരനിശ്ചയം അതായിരുന്നു. പിറ്റേന്നുതന്നെ മാർപാപ്പയെ കാണാൻ അവസരം ലഭിച്ചു. മാർപാപ്പയോടു ലൂക്കാച്ചൻ പറഞ്ഞു : ഇവർ ഇന്ത്യയിൽ നിന്നു വന്നവരാണ്. മാർപാപ്പ തിരുത്തി: 'കേരളത്തിൽനിന്ന്, അല്ലേ? 'ഏതാനും നാൾമുമ്പ് മാർപാപ്പ കേരളത്തിൽ വന്നിരുന്നു ;ചാവറയച്ചനെയും അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കാൻ. ഞാൻ ഭക്തിപുരസരം അറിയിച്ചു: "കേരളത്തിൽ നിന്നാണ്. മാന്നാനത്തു നിന്നാണ്. ചാവറയച്ചന്റെ സ്ഥലത്തു നിന്നാണ്."

അങ്ങനെ അഞ്ചു തലമുറകൾക്കുശേഷം മാന്നാനത്തെ ചിറ്റേഴം തറവാട്ടിൽനിന്നുള്ള എന്നെ കൈപിടിച്ചുയർത്തി ചാവറയച്ചൻ പത്രോസിന്റെ സിംഹാസനത്തിനു മുന്നിൽ എത്തിച്ചിരിക്കുന്നു. വീട്ടിലെ കാരണവന്മാർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്: ചാവറയച്ചൻ മാന്നാനത്ത് പള്ളി പണിയാൻ വന്നപ്പോൾ ചിറ്റേഴത്തെ കളപ്പുരയാണ് അച്ചന്മാർക്കു വിശ്രമിക്കാനും പണിയായുധങ്ങൾ വയ്ക്കാനും ഉപയോഗിച്ചിരുന്നതെന്ന്. അന്നത്തെ കാരണവന്മാരോട് അച്ചൻ പറഞ്ഞ പല കാര്യങ്ങളും ആദരവിലും സ്നേഹത്തിലും പൊതിഞ്ഞ് തറവാട്ടിലെ തലമുറകൾക്കു കൈമാറിയിട്ടുള്ളത് ഞാൻ ഓർമിച്ചു. ചാവറയച്ചൻ പള്ളി പണിത കഥ. സെമിനാരി സ്ഥാപിച്ച കഥ. വാഴപ്പിണ്ടിയിൽ പ്രസുണ്ടാക്കിയ കഥ. ത്യാഗത്തിന്റെ, വിശ്വാസത്തിന്റെ പീഡാനുഭവത്തിന്റെ, ഉയിർത്തെഴുന്നേൽപ്പിന്റെ കഥ.

ഇതൊക്കെ എനിക്ക് കേട്ടറിവേയുള്ളു, വീട്ടിലെ കാരണവന്മാരിൽനിന്നും. പക്ഷേ, അവർ കേട്ടത് അവരുടെ അച്ഛനപ്പൂപ്പന്മാരിൽനിന്നാണ്. അവർ കേട്ടതോ ചാവറയച്ചനിൽനിന്ന് നേരിട്ട്. അതുകൊണ്ടുതന്നെ ആ കേട്ടറിവിന് ആത്മാവുണ്ട്. എന്തൊക്കെയാണ് ഞാൻ കേട്ടത്? മാന്നാനത്ത് പള്ളി പണിയാൻ ചാവറയച്ചന് താൽപര്യമില്ലായിരുന്നത്രേ! പിന്നെ?... ആ 'പിന്നെ'യുടെ പിന്നാലെ പോകുമ്പോഴാണ് അച്ചന്റെ മനസും അച്ചന്റെ മഹത്വവും മനസിലാകുന്നത്.

നീണ്ടനാളത്തെ അന്വേഷണത്തിനുശേഷമാണ് പള്ളി പണിയാനുള്ള സ്ഥലം കണ്ടെത്തിയത്. പുല്ലരിക്കുന്നാണ് പള്ളിക്കായി തീരുമാനിച്ച സ്ഥലം. അനുമതിക്കായി ദിവാനെ സമീപിച്ചു. ദിവാൻ ഏറ്റുമാനൂർ തഹസിൽദാരോടു റിപ്പോർട്ട് ചോദിച്ചു. പുല്ലരിക്കുന്നിൽ പള്ളി പണിയുന്നതിൽ ആർക്കെങ്കിലും എതിർപ്പുണ്ടോ? ആദ്യമൊന്നും ആരും എതിർത്തില്ല. എന്നാൽ കുമാരനല്ലൂർ ദേവീക്ഷേത്രത്തിലെ ഭക്തജനങ്ങളിൽ ചിലർക്ക് ഒരാശങ്ക. ദേവിയുടെ ദൃഷ്ടി പതിയുന്ന സ്ഥലമാണ് ക്ഷേത്രത്തിനടുത്തുള്ള പുല്ലരിക്കുന്ന്. അവിടെ മറ്റൊരു ദേവാലയം വരുന്നത് അത്ര തൃപ്തികരമല്ലല്ലോ. ഒന്നുപറഞ്ഞ് രണ്ടുപറഞ്ഞ് ഇതൊരു ചർച്ചാവിഷയമായി. കലക്കവെള്ളത്തിൽ മീൻപിടിക്കാൻ ചിലർ ഇടയ്ക്കുവന്നു ചാടി. ഒരു ചുവടുപോലും പിന്മാറരുത് എന്ന് അച്ചന്മാരുടെമേലും സമ്മർദമുണ്ടായി. വേണ്ടിവന്നാൽ കണ്ണിനു കണ്ണ്, പല്ലിനു പല്ല് എന്ന നിലയിലേക്കു കാര്യങ്ങൾ നീങ്ങാൻ തുടങ്ങി. അവിടെയാണ് ചാവറ അച്ചൻ 'ഞാൻ ജീവനും വഴിയും വെളിച്ചവുമാകുന്നു" എന്ന തിരുവചനത്തിന്റെ ജീവസുറ്റ പ്രതീകമായി മാറിയത്. 'അന്യമതസ്ഥരെ മുറിപ്പെടുത്തിക്കൊണ്ട് പുല്ലരിക്കുന്നിൽ പള്ളി പണിയണ്ട'-അച്ചൻ തറപ്പിച്ചു പറഞ്ഞു.

പുല്ലരിക്കുന്നിന്റെ നഷ്ടം മാന്നാനത്തിന്റെ നേട്ടമായത് ദൈവഹിതം. റോമിൽനിന്ന് പണം ചാക്കിൽക്കെട്ടി കൊണ്ടുവന്നല്ല ചാവറയച്ചൻ പള്ളി പണിതത്. പിടിയരി പിരിച്ചും ഉത്പന്നപ്പിരിവു നടത്തിയുമാണ്. അതിൽ സഹകരിച്ചത് ഇടവകക്കാർ മാത്രമല്ല, നാട്ടുകൂട്ടം മുഴുവനായിരുന്നു. ഇതു ഞാൻ മനസിലാക്കിയത് കേട്ടറിവിലുടെയല്ല. എൺപതുകഴിഞ്ഞ എന്റെ വലിയമ്മ പിടിയരി ഇടുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതിന്റെ തുടക്കം ചാവറയച്ചനിൽനിന്നാണെന്ന് വല്യമ്മയുടെ വല്യമ്മൂമ്മ പറഞ്ഞ് അവർ കേട്ടിട്ടുണ്ടത്രേ. അതവിടെ നിൽക്കട്ടെ. ചാവറയച്ചൻ പള്ളി പണിതത്, സെമിനാരി സ്ഥാപിച്ചത്, സംസ്കൃതവിദ്യാലയം തുടങ്ങിയത്, അച്ചുകൂടം സ്ഥാപിച്ചത്, വിയർപ്പൊഴുക്കിയും വിയർപ്പൊഴുക്കിച്ചും തന്നെയായിരുന്നു. അതൊരു തപസ്യയായിരുന്നു.

ഇതൊന്നും പെട്ടെന്നുണ്ടായതല്ല. ഉൾവിളിയായിരുന്നു. പിറവിയില്ലല്ലോ. ചാവറയച്ചൻ നൊമ്പരമില്ലാതെ പിറ... നൊമ്പരം വളരെയേറെ സഹിച്ചി

രുന്നു. അടുത്തുനിന്നവരും അടുത്തുകൂടിയവരും പുളിച്ച വീഞ്ഞും മുൾക്കിരീടവും നൽകാൻ തുനിഞ്ഞു. ഒളിഞ്ഞും തെളിഞ്ഞും. അച്ചനെ മാന്നാനത്തുനിന്നും മാറ്റി. അതിനുള്ള കുതന്ത്രങ്ങൾ ഒരുക്കാൻ കള്ളൻ കപ്പലിൽത്തന്നെ ഉണ്ടായിരുന്നു. അവർ തന്ത്രം മെനഞ്ഞത് ശുദ്ധഹൃദയനായ ചാവറയച്ചൻ അറിഞ്ഞില്ല. മെത്രാനോട് അവർ കള്ളക്കഥകൾ പറഞ്ഞുകേൾപ്പിച്ചു. അസത്യം സത്യത്തെക്കാൾ വിശ്വസനീയമാണല്ലോ, ആരംഭത്തിൽ. ചാവറയച്ചന്റെ കാര്യത്തിലും അങ്ങനെതന്നെ സംഭവിച്ചു. താൻ ചോരയും നീരും നൽകി പള്ളിപണിത് പാതിയെത്തിയപ്പോൾ മാന്നാനത്തുനിന്നും മാറ്റി നിയമിച്ചു. അനുസരണയുള്ള വൈദികൻ എന്നനിലയിൽ മെത്രാസനത്തിന്റെ കൽപനകൾ ശിരസാവഹിച്ചെങ്കിലും അച്ചന്റെ മനസ് മാന്നാനത്തു തന്നെയായിരുന്നു. കർത്താവിൽ ശരണംപ്രാപിക്കുകയല്ലാതെ ചാവറയച്ചന്റെ മുമ്പിൽ മറ്റു വഴികളുണ്ടായിരുന്നില്ല. സത്യം ആർക്കും ദൈവത്തിന്റെ മുമ്പിൽനിന്നും മറച്ചുവയ്ക്കാനാകില്ലല്ലോ.

ക്രമേണ മെത്രാനു കാര്യം മനസിലായി. ചാവറയച്ചനെ മാന്നാനത്തേക്കു മാറ്റിനിയമിച്ചു. പിന്നെയൊരിക്കലും തിരിഞ്ഞുനോക്കേണ്ടിവന്നിട്ടില്ല.


മാന്നാനം പള്ളി, വൈദികരുടെ ആശ്രമം, പള്ളിവക അച്ചുക്കൂടം, സംസ്കൃതവിദ്യാലയം, അനാഥാലയം, ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നുപന്തലിച്ചുകിടക്കുന്ന കർമലീത്താസഭ...ഇതിന്റെയൊക്കെ പിതാവാകാൻ ചാവറ തറവാട്ടിലെ കൊച്ചു കുരിയാക്കോസിന് ദൈവനിയോഗം ലഭിച്ചു.

എങ്ങനെ, എന്തുകൊണ്ട്? ഈശോസഭയിലെ ഒരു വൈദികനുണ്ടായിരുന്നു. പേര് ജെറാർദ് മാൻലി ഹോപ്കിൻസ്. അദ്ദേഹം ഒരു കവികൂടിയായിരുന്നു. പിൽക്കാലത്ത് പ്രസിദ്ധനായ കവി. അദ്ദേഹത്തിന്റെ ഒരു കവിതയുണ്ട്. 'റെക്ക് ഓഫ് ദി ഡോയിഷ്ലാൻഡ്' (Wreck of the Deutschland). ജർമനിയിലെ ബ്രെയ്‌ലൻ തുറമുഖത്തുനിന്ന് ഒരു കപ്പൽ പുറപ്പെട്ടു. ആ കപ്പലിൽ യാത്രക്കാരായി അഞ്ചു കന്യാസ്ത്രീകളുമുണ്ട്. നടുക്കടലിൽവച്ച് കപ്പൽ മുങ്ങുന്നു. ടൈറ്റാനിക് കണ്ടവർക്കറിയാം മുങ്ങുന്ന കപ്പലിലെ യാത്രക്കാരുടെ വെപ്രാളം. ചിലർ ഓടുന്നു. ചിലർ ചാടുന്നു. ചിലർ കപ്പലിൽത്തന്നെ മുകളിലേക്കും താഴേക്കും കയറിയിറങ്ങുന്നു. ഈ കന്യാസ്ത്രീകളാകട്ടെ ഒന്നും സംഭവിക്കാത്തമട്ടിൽ അക്ഷോഭ്യരായി, നിസംഗരായി മറ്റുള്ളവരെ സമാധാനിപ്പിക്കുന്നു. ഇവർക്കിതെങ്ങനെ സാധിച്ചു. മുമ്പിൽ സമ്പൂർണ സമർപ്പണം. സ്വർഗത്തിലെ വേട്ടനായയെക്കുറിച്ച് ഫ്രാൻസിസ് തോംസൺ എഴുതിയ കവിതയുണ്ടല്ലോ- 'ദ ഹൗണ്ട് ഓഫ് ഹെവൻ' (The Hound of Heaven). സ്വർഗസ്ഥനായ പിതാവുതന്നെയാണ് ഈ വേട്ടനായ്. വേട്ടനായിൽനിന്ന് കുതറിയോടുന്ന, തെന്നിമാറുന്ന ഭക്തൻ. രക്ഷയില്ല. ഒടുവിൽ വേട്ടനായയെത്തന്നെ ശരണംപ്രാപിക്കുന്നു. അതേ, ദൈവത്തിനുമുമ്പിൽ സമ്പൂർണ സമർപ്പണം. അതിന്റെ പൊരുൾ ഹോപ്കിൻസിന് ഉൾക്കൊള്ളാനായി. ഫ്രാൻസിസ് തോംസണ് സ്വാംശീകരിക്കാനായി. ഇവർ കവിതയിലൂടെ നേടിയത് ചാവറയച്ചൻ ജീവിതത്തിൽ നേടി. ഈ സമ്പൂർണ സമർപ്പണമാണ് സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ച ചാവറയച്ചനെ അസാധാരണന്മാരിൽ അസാധാരണനായി മാറ്റിയത്.

ചാവറയച്ചന്റെ സംഭാവന എന്താണ്? പള്ളിയും പള്ളിക്കൂടവും സെമിനാരിയും പ്രസും ആത്മാനുതാപം പോലുള്ള കൃതികളും, കേരളത്തിന്റെ സീമകൾ അതിലംഘിച്ചു വളർന്നു പടർന്ന ഒരു സന്യാസസമൂഹവും മാത്രമല്ല. അതിന്റെ പിന്നിലെ ഈശ്വരസാന്നിധ്യം തന്നെയാണ്. ഒ. ഹെൻട്രിയുടെ ഒരു കഥയുണ്ട്-അവസാനത്തെ ഇല. ഒരിടത്തൊരു പെൺകുട്ടി. അവൾ രോഗശയ്യയിലാണ്. കട്ടിലിൽ കിടന്നുകൊണ്ട് ജനാലയിലൂടെ പുറത്തെ ഭിത്തിയിൽ പിടിച്ചുകയറിയിരിക്കുന്ന ഒരു വള്ളിച്ചെടിയിൽ നോക്കിക്കിടക്കാനേ അവൾക്കു കഴിയുന്നുള്ളു. ചെടിയിലെ ഓരോ ഇല പൊഴിയുമ്പോഴും അവൾക്കറിയാം തന്റെ ജീവിതത്തിലെ ഒരു ദിവസം കൊഴിഞ്ഞിരിക്കുന്നു. അയലത്ത് ഒരു യുവാവുണ്ട്. അയാൾ ഒരു ചിത്രകാരനാണ്. ചിത്രരചനയിൽ അർഹമായതു നേടാൻ അയാൾക്കു കഴിഞ്ഞിട്ടില്ല. തന്റെ മാസ്റ്റർപീസ് വരയ്ക്കുന്ന ദിനവുംകാത്ത് അയാൾ കഴിയുന്നു. പെൺകുട്ടി കാണുന്നു- ചെടിയിൽ ഇനി ഒരൊറ്റയിലയേ അവശേഷിച്ചിട്ടുള്ളു. അവൾക്കു മനസിലായി. ഇന്നു രാത്രി ആ ഇല കൊഴിയും. അതോടെ തന്റെ ജീവിതത്തിലെ അവസാനനിമിഷവും കൊഴിഞ്ഞുവീഴും. അവൾക്കു സങ്കടം. അയൽവാസികൾക്കു സങ്കടം. പിറ്റേന്നു രാവിലെ അയൽക്കാർ ജനാലയിലൂടെ എത്തിനോക്കി. അവരുടെ ഭയം അസ്ഥാനത്തായിരുന്നു. പെൺകുട്ടി സന്തോഷംകൊണ്ട് തുള്ളിച്ചാടുന്നു. അവൾക്കൊരു പുതുജീവൻ ലഭിച്ചിരിക്കുന്നു. വച്ചെടിയിലെ അവസാനത്തെ ഇല കൊഴിഞ്ഞിട്ടില്ല. അയൽക്കാർക്കു സന്തോഷമായി. എന്നാൽ ചെടിയുടെ ചുവട്ടിൽ അവരൊരു കാഴ്ച കണ്ടു. ഒരു യുവാവ് അവിടെ മരിച്ചുകിടക്കുന്നു.

അത് അയലത്തെ ചിത്രകാരനായിരുന്നു. ചെടിയിലെ അവസാനത്തെ ഇല അയാൾ വരച്ചുചേർത്തതാണ്. അയാളുടെ മാസ്റ്റർപീസ്. മഞ്ഞപെയ്യുന്ന രാത്രിയിൽ അയാൾ ഭിത്തിയിൽ ഒരില വരച്ചുചേർത്തു, ആ പെൺകുട്ടിയെ രക്ഷിക്കാൻ. ആത്മത്യാഗത്തിന്റെ രക്തസാക്ഷി.

ചാവറയച്ചൻ എന്തു ചെയ്തു? നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും മറ്റൊരാളുടെ ജീവിതത്തിൽ അവസാന ഇല വരച്ചു ചേർക്കുന്നോ പിഴുതെറിയുന്നോ; ഈ തിരിച്ചറിവു നമുക്കു നൽകി-അതാണ്, അതുമാത്രമാണ് ചാവറയച്ചനു നൽകാനുണ്ടായിരുന്ന വിധവയുടെ ചില്ലിക്കാശ്.



*മാന്നാനം ആശ്രമദേവാലയത്തിലെ മണിമാളിക*